# മലയാള നോവൽ സാഹിത്യം

## പ്രവേശകം

RENUKHA JYOTHI
ASSISTANT PROFESSOR
DEPT. OF MALAYALAM
MES KEVEEYAM COLLEGE
VALANCHERY

# ആദ്യകാല മലയാള നോവലുകൾ

- ആംഗലേയസാഹിത്യവുമായുള്ള സമ്പർക്കം മൂലമാണു മലയാളത്തിൽ നോവലുകൾ കടന്നുവന്നത്. മലയാളത്തിലെ ആദ്യത്തെ നോവൽ അപ്പു നെടുങ്ങാടിരചിച്ച കുന്ദലതയാണ്. എന്നാൽ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ 1889 ൽ ഒ. ചന്തുമേനോൻ രചിച്ച ഇന്ദുലേഖയാണ്. 1892 ൽ പോത്തേരി കുഞ്ഞമ്പുസരസ്വതീവിജയം രചിക്കുകയുണ്ടായി സി വി രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ പ്രശസ്തമാണു. ആധുനികമലയാള നോവൽ പ്രസ്ഥാനം വളരെ ശക്തമാണു. എം. ടി. വാസുദേവൻ നായർ, എസ്.കെ. പൊറ്റെക്കാട്ട്, ബഷീർ, എം മുകുന്ദൻ, കെ.പി. രാമനുണ്ണി തുടങ്ങി അനുഗൃഹീതരായ ഒട്ടനവധി നോവലിസ്റ്റ്കൾ മലയാളത്തിലുണ്ട്

# എം മുകുന്ദൻ

- കേരളത്തിലെ ഫ്രഞ്ച് അധീന പ്രദേശമായിരുന്ന മയ്യഴിയിൽ 1942 സെപ്റ്റംബർ 10-നു ജനിച്ചു. തന്റെ ആദ്യസാഹിത്യ സൃഷ്ടിയായ ചെറുകഥ 1961 ൽ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീട് മുകുന്ദൻ ധാരാളം നോവലുകളും ചെറുകഥകളും എഴുതി.ഉദ്യോഗത്തിന്റെ ഭാഗമായി മുകുന്ദന്റെ ജീവിതം പിൽക്കാലത്ത് ഡൽഹിയിലേക്കു പറിച്ചു നടപ്പെട്ടു. ഡൽഹി ജീവിതവും മുകുന്ദന്റെ തൂലികയിൽ സാഹിത്യ സൃഷ്ടികളായി.
- മുകുന്ദന്റെ സൃഷ്ടികളിലുടനീളം ഫ്രഞ്ച് അധിനിവേശ സ്മരണകളും മയ്യഴിപ്പുഴയുടെ തീരങ്ങളിലെ തുടിപ്പുകളും കാണാം. ഇതു മൂലം അദ്ദേഹം *മയ്യഴിയുടെ കഥാകാരൻ* എന്ന അപരനാമത്തിലും അറിയപ്പെടുന്നു